## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2084 18/03/2015-ൽ മറുപടിക്ക്

# ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) എത്ര ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് കഴിഞ്ഞ സർക്കാർ അനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) കഴിഞ്ഞ സർക്കാർ ഭരണാനുമതി നൽകിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ താഴെ പറയുന്നു.<br>1. ചാത്തൻകോട്ട നട- II<br>2. വിലങ്ങാട്<br>3. കക്കയം<br>4. പൊരിങ്ങൽകുത്ത്<br>5. പാലക്കുഴി ചെറുകിട ജലവൈദ്യുത പദ്ധതി.<br>6. ഇരുട്ടുകാനം രണ്ടാം ഘട്ടം. |
| (ബി) പ്രസ്തുത പദ്ധതികളിൽ എത്രയെണ്ണം പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര പദ്ധതികൾ പ്രവൃത്തി പൂർത്തീകരിച്ചുവെന്നും വെളിപ്പെടുത്തുമോ; | (ബി) പ്രസ്തുത പദ്ധതികളിൽ പാലക്കുഴി, ഇരുട്ടുകാനം ഒഴികെയുള്ള എല്ലാ പദ്ധതികളുടേയും പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഇതിൽ വിലങ്ങാട് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുതി പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് അനുമതി നൽകിയിട്ടുള്ളത് എന്ന് അറിയിക്കുമോ ; | (സി) സർക്കാർ അനുമതി നൽകിയിട്ടില്ല. |

(ഡി) പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഇ) ഭൂമി ഏറ്റെടുക്കൽ നടപടിക്ക് കാലതാമസം നേരിടുന്നതിന്റെ കാരണം എന്തെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത ജലവൈദ്യുത പദ്ധതി എപ്പോൾ പ്രവൃത്തി ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

(ഡി)യും (ഇ)യും (എഫ്)ഉം.

ഈ പദ്ധതിയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ കെ.എസ്.ഇ.ബി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ചശേഷം സർക്കാർ ഭരണാനുമതി നൽകിയശേഷം മാത്രമേ മറ്റ് കാര്യങ്ങൾ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ